**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 366** **23-01-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിൽ തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിവിടങ്ങളിൽ എത്ര അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ഒഴിവുകൾ ഉണ്ടെന്നും പ്രസ്തുത ഒഴിവുകൾ നികത്താൻ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിൽ തൂണേരി ബ്ലോക്ക് പഞ്ചായത്ത്, വടകര മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർമാരുടെ ഓരോ ഒഴിവുകൾ വീതമുണ്ട് (ആകെ 2 ഒഴിവുകൾ). സ്ഥാനക്കയറ്റം, സ്ഥലംമാറ്റം എന്നിവയിലൂടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | പേരാമ്പ്ര, പന്തലായനി, മേലടി ബ്ലോക്ക് പഞ്ചായത്തുകളിൽപ്പെടുന്ന ഗ്രാമ പഞ്ചായത്തുകളിൽ ഏതൊക്കെ ഗ്രാമ പഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ ഗ്രേഡ് I, ഓവർസീയർ ഗ്രേഡ് II, ഓവർസീയർ ഗ്രേഡ് III തസ്തികകളിൽ ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ചങ്ങരോത്ത്, ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് എൻജിനിയർ ഒഴിവുകൾ നിലവിലുണ്ട്. പന്തലായനി, മേലടി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് എൻജിനിയർ ഒഴിവുകൾ നിലവിലില്ല .<br><br>പേരാമ്പ്ര, പന്തലായനി, മേലടി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഓവർസിയർ മാരുടെ ഒഴിവ് വിവരം ചുവടെ ചേർക്കുന്നു.<br><br>**<u>പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്</u>**<br><br>ഓവർസിയർ ഗ്രേഡ് I - 1 (ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത്)<br><br>ഓവർസിയർ ഗ്രേഡ് II - 3 (കായണ്ണ, ചക്കിട്ടപ്പാറ, ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തുകൾ)<br><br>ഓവർസിയർ ഗ്രേഡ് III - 0<br><br>**<u>പന്തലായനി ബ്ലോക്ക് പഞ്ചായത്ത്</u>**<br><br>ഓവർസിയർ ഗ്രേഡ് I - 1 (പന്തലായനി ബ്ലോക്ക്)<br><br>ഓവർസിയർ ഗ്രേഡ് II - 0<br><br>ഓവർസിയർ ഗ്രേഡ് III - 0 |

| | | | |
|---|---|---|---|
| | | | **<u>മേലടി ബ്ലോക്ക് പഞ്ചായത്ത്</u>**<br><br>ഓവർസിയർ ഗ്രേഡ് I - 0<br><br>ഓവർസിയർ ഗ്രേഡ് II - 1 (കീഴരിയൂർ ഗ്രാമപഞ്ചായത്ത്)<br><br>ഓവർസിയർ ഗ്രേഡ് III - 0 |
| (സി) | മേൽപ്പറഞ്ഞ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി നടപടി സ്വീകരിക്കുമോ? | (സി) | സ്ഥാനക്കയറ്റം, സ്ഥലംമാറ്റം പി എസ് സി നിയമനം എന്നിവയിലൂടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ